ഒറ്റപ്പാലം കിൻഫ്ര പാർക്ക്

239 (584) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം കിൻഫ്ര പാർക്കിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പാർക്കിന് എത്ര ഏക്കർ സ്ഥലമാണ് നിലവിലുള്ളതെന്നും പാർക്ക് നിർമ്മാണത്തിനായി സ്ഥലം ലഭ്യമാക്കാൻ ഇതിനകം എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ ;

(സി) കെട്ടിടം നിർമ്മാണത്തിന് റോഡ്, ജലം, വൈദ്യുതി ഉൾപ്പെടെയുള്ള ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റിനായി ആകെ എത്ര തുക നീക്കിവച്ചിരുന്നുവെന്നും അതിൽ എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പാർക്കിൽ നിർമ്മിക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി എത്ര സ്ക്വയർ ഫീറ്റ് ആണ് ; അതിന്റെ പ്രത്യേകതകൾ വ്യക്തമാക്കാമോ ; എന്നത്തേക്ക് നിർമ്മാണ പ്രവർത്തനം പൂർത്തിയാവും എന്ന് അറിയിക്കുമോ ;

(ഇ) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ സംരംഭകരെ ആകർഷിക്കുവാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, പാർക്കിംഗ് സെന്റർ, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണം പൂർത്തിയായി. കിൻഫ്രയുടെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണം അന്തിമഘട്ടത്തിലുമാണ്.

(ബി) പ്രസ്തുത പാർക്കിന് 82 ഏക്കർ സ്ഥലമാണുള്ളത്. പാർക്ക് നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കാൻ ഇതിനകം 18,20,03,508 രൂപ ചെലവഴിച്ചു.

(സി) പ്രസ്തുത പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ജലം, വൈദ്യുതി എന്നിവയ്ക്കായി 46 കോടിരൂപ നീക്കിവച്ചിരുന്നു. അതിൽ 30 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പാർക്കിൽ നിർമ്മിക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ഒരു ലക്ഷം സ്ക്വയർ ഫീറ്റാണ്. പ്രസ്തുത ഫാക്ടറിയിൽ വൈദ്യുതി, ലിഫ്റ്റ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സംരംഭകർക്ക് ലഭ്യമാക്കുന്നുണ്ട്. വ്യവസായ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സംരംഭങ്ങൾ ചുരുങ്ങിയ കാലയളവിനുള്ളിൽ ആരംഭിക്കാനുതകുന്ന രീതിയിലുള്ള സംവിധാനങ്ങളോടുകൂടിയാണ് നിർമ്മാണം നടത്തിവരുന്നത്. ഈ വർഷം ഡിസംബറോടുകൂടി നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

(ഇ) സംരംഭകരെ ആകർഷിക്കുവാൻ നിക്ഷേപക സംഗമം ഉൾപ്പെടെയുള്ള പരിപാടികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. പാർക്കിൽതന്നെ നേരിട്ടും അല്ലാതെയും ലഭിക്കുന്ന അന്വേഷണങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കിൻഫ്ര കേരളത്തിനകത്തും പുറത്തും നടത്തുന്ന എല്ലാ നിക്ഷേപക സംഗമങ്ങളിലും പ്രസ്തുത പാർക്കിനെ വിപണനം ചെയ്യുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ

240 (585) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പുനരുദ്ധാരണം ആവശ്യമായ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് ചെയ്തതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ആഡിറ്റിനുമുമ്പുള്ള കണക്കുകൾ പ്രകാരം വ്യവസായവകുപ്പിന്റെ അധീനതയിൽ 14 പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്ക് ആവശ്യമായ നയസമീപനങ്ങളും നടപടികളുമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. പുനരുദ്ധാരണം ആവശ്യമായ പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദനസംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഉൽപ്പാദന സൗകര്യങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly